DESPATCHED
On 11/06/2020

26.5.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1422*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5968** /*എസ്.ഐ.സി-ജി 6/18)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.അനസ് ടി.കെ.,
അമ്പാലയിൽ വീട്,
മരു.തെക്ക്, ആലുംകടവ് പി.ഒ.,
കരുനാഗപ്പള്ളി.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ബ്രാഞ്ച് മാനേജർ,
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലി.,
സിവിൽ സ്റ്റേഷൻ ബ്രാഞ്ച്,
കരുനാഗപ്പള്ളി.

2. അപ്പീൽ അധികാരി&
മാനേജിംഗ് ഡയറക്ടർ,
കെ.എസ്.എഫ്.ഇ.ലി., ഹെഡ് ഓഫീസ്,
ഭദ്രത, മ്യൂസിയം റോഡ്, തൃശ്ശൂർ – 20.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.06.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.06.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.06.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.അനസ് ടി.കെ, 11.06.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 12.06.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1422(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ടിയാനെ ഹിയറിംഗിന് വിളിക്കാതെയാണ് അപ്പീൽ തീർപ്പാക്കിയതെന്നും ആകയാൽ ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 66/16 എന്ന നമ്പർ ചിട്ടിയിലെ 17–ാമത്തെ ചിട്ടി ലേലത്തിൽ സമർപ്പിച്ച പ്രോക്സിയുടെ കോപ്പിയും അതുമായി ബന്ധപ്പെട്ട വിവരങ്ങളും നൽകണമെന്നും 09.03.2018ൽ മേൽപ്പടി ചിട്ടിയിലെ 17–ാം നമ്പർ ലേല സമയത്ത് ലേലം നടത്തിയ ടി ഓഫീസിലെ ഉദ്യോഗസ്ഥരുടെ പേരും വിലാസവും നൽകണമെന്നുതുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 28.03.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് നൽകിയ മറുപടിയിൽ ചിട്ടിയിൽ ചേരുന്നവരുടെ വിവരങ്ങൾ വെളിവാക്കുന്നത് ബന്ധപ്പെട്ട വ്യക്തികൾക്ക് താല്പര്യമില്ലെന്നറിഞ്ഞതിനാലാണ് ചിട്ടിയിൽ ചേർന്നിട്ടുള്ളവരുടെ വിവരങ്ങളും പ്രോക്സി സംബന്ധമായ വിവരങ്ങളും വിവരാവകാശ നിയമം വകുപ്പ് 11 പ്രകാരം വെളിപ്പെടുത്താത്തത് എന്നുമാണ്.

4. 07.02.2020ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 09.03.2018 ഉച്ചയ്ക്ക് 1.30ന് മാനേജരുടെ ക്യാബിനിൽ വരുകയും അന്നേദിവസം നടന്ന 66/2016 എന്ന ചിട്ടിയുടെ ലേലത്തിൽ ശ്രീ.ലിജിൻ എന്നയാൾ നൽകിയിട്ടുള്ള പ്രോക്സിയുടെ കോപ്പി കാണണമെന്ന് ആവശ്യപ്പെട്ടെങ്കിലും വാണിജ്യമേഖലയിൽ മൽസരസ്വഭാവമുള്ള ചിട്ടിയുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ട പ്രോക്സി സംബന്ധിച്ച വിവരങ്ങൾ ടിയാന് നൽകാൻ കഴിയില്ല എന്നറിയിച്ചുവെന്നുമാണ്. 09.03.2018ൽ നടന്ന ചിട്ടി ലേലത്തിൽ പ്രസ്തുത പ്രോക്സിയ്ക്ക് മുകളിലായി മറ്റൊരാൾ ചിട്ടി ലേലം കൊണ്ടിട്ടുള്ളതിനാൽ തൊട്ടടുത്ത 2 തവണയും ടി പ്രോക്സി പരിഗണിക്കപ്പെടേണ്ടതാകയാലാണ് പ്രോക്സി സംബന്ധമായ വിവരങ്ങൾ നൽകാൻ കഴിയാതിരുന്നതെന്നും ടി വ്യക്തിയുടെ പേരും അഡ്രസ്സും റവന്യൂ സ്റ്റാമ്പിൻമേൽ പതിക്കപ്പെട്ട ഒപ്പും ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രസ്തുത പ്രോക്സിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. കൂടാതെ പ്രോക്സിയെക്കുറിച്ചുള്ള

വിവരങ്ങൾ ആവശ്യപ്പെട്ട ടിയാൻ പ്രസ്തുത ചിട്ടിയുമായോ മറ്റേതെങ്കിലും ബ്രാഞ്ചിലെ പദ്ധതിയുമായോ യാതൊരു ബന്ധവുമില്ലാത്തയാളാണെന്നും വാണിജ്യ മേഖലയിൽ മത്സരസ്വഭാവമുള്ള സാമ്പത്തിക ഉത്പന്നം മൂന്നാം കക്ഷി വിവരം വെളിപ്പെടുത്തുന്നത് മൂലമുണ്ടാകുന്ന വിഷയങ്ങൾ കണക്കിലെടുത്താണ് ടിയാന് പ്രോക്സി സംബന്ധമായ വിവരങ്ങൾ നൽകാത്തതെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ ഉച്ചത്തിൽ ബഹളം വച്ച തിനെ തുടർന്ന് പ്രോക്സി തുക വെളിപ്പെടുത്തി ഒരു **under taking** ഒപ്പിട്ടു ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധി തമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധി പ്പിച്ചു. ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും വ്യക്തമായ മറുപടി നൽകിയില്ലെന്ന് ടിയാൻ കമ്മീഷനു മൊഴി നൽകി. എന്നാൽ അപ്പലേറ്റ് അതോറിറ്റി യുടെ നിർദ്ദേശപ്രകാരം ഹർജിക്കാരന്റെ അപേക്ഷയിലെ 3,6,7 ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ചിട്ടിയിൽ ചേരുന്നവരുടെ വിവരങ്ങൾ വെളിവാക്കാമോയെന്ന് വിവരാവകാശ നിയമത്തിലെ വകുപ്പ് 11 പ്രകാരം പരിശോധിച്ചതിൽ ബന്ധപ്പെട്ട വ്യക്തി കൾക്ക് താല്പര്യമില്ല എന്ന വിവരമാണ് ലഭിച്ചതെന്നും ആകയാൽ ടി വിവരങ്ങൾ നൽകിയില്ലെന്നുമാണ്. ഇരുകക്ഷികളുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM